ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്,
തിരുവനന്തപുരം,
തീയതി. 29--3--99.

ഇ1.കെ. ഡിസ്. 34749/98

<u>സർക്കുലർ നംബർ 3/99</u>

വിഷയം :- വനം വകുപ്പ് - ജീവനക്കാർക്ക് അവധി അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- കോട്ടയം ഹൈറേഞ്ച് സർക്കിൾ കൺസർവേറ്ററുടെ 9--5--98 ഇ1.5755/98.

---------------------------

സർക്കാരിൽ നിന്നും ഈ ഓഫീസ ിൽ നിന്നും അനുവദിക്കേണ്ട അവധി അപേക്ഷകൾ വളരെ വൈകിമാത്രം ഈ ഓഫീസിലേക്ക് അയക്കുന്ന പ്രവണത കൂടുതലായി കണ്ടു വരുന്നു. എരുമേലി റെയിഞ്ചാഫീസറായിരുന്ന ശ്രീ. വി. പ്രസന്നൻ 1---4---' '98 മുതൽ 15 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ പെയ്യുന്നതിന് സമർപ്പിച്ച അവധി അപേക്ഷ ഈ ഓഫീസിൽ ലഭിച്ചത് 23--9--'98 ലാണ്. ദീർഘകാലമായി ശൂന്യവേതന അവധിയിൽ കഴിയുന്നവരുടെ രണ്ടും മൂന്നും കൊല്ലത്തെ അവധി അപേക്ഷ ഒന്നിച്ചാണ് ഈ ഓഫീസിലേക്ക് അയക്കുന്നത്. ഇത്തരം അവധികൾ സർക്കാരിൽ നിന്നും നിശിതമായി വിമർശനം ക്ഷണിച്ചു വരുത്തുന്നുണ്ട്.

അതിനാൽ പീഫ് ഫോറസ്ററ് കൺസർവേറ്ററോ, സർക്കാരോ അനുവദിക്കേണ്ട അവധി അപേക്ഷകൾ (ആർജ്ജിതാവധി സറണ്ടർ ഉൾപ്പെടെ) യഥാസമയം മെഡിക്കൽ സർട്ടിഫിക്കറ്റ് ആവശ്യമായ കേസിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ഈ ആഫീസ ിൽ സമർപ്പിക്കേണ്ടതാണ്. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെ അവധിയിൽ പോയവരുടെ പേരിൽ നിയമാനുസൃതമായ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്. അവധി അപേക്ഷകളിൻമേൽ യഥാസമയം നടപടി സ്വീകരിച്ച് ഈ ആഫീസിലേക്ക് അയക്കാൻ വീഴ്ച വരുത്തുന്നവരുടെപേരിൽ കർശനമായ അച്ചടക്ക ശിക്ഷണ നടപടികൾ സ്വീകരിക്കുതാണെന്നും അറിയിക്കുന്നു. ഈ സർക്കുലറിലെ വിവരങ്ങൾ എല്ലാജീവനക്കാരുടെയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

(ഒപ്പ്)

പീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സംരക്ഷണം)

കോപ്പി ഫോറസ്റ്റ് കൺസർവേറ്റർ, തൃശ്ശൂർ

ഫോറസ്റ്റ് കൺസർവേറ്റർ ആഫീസ്,
സെൻട്രൽ സർക്കിൾ,

തൃശ്ശൂർ - 680020.

<u>ഇണ്ടാസ് നംപർ. ഇ2-2662/99 തീയതി 6--05--1999</u>

പകർപ്പ് : എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെയും അറിവിലേക്കായി. സർക്കുലർ കൈപ്പറ്റിയ വിവരം റിപ്പോർട്ട് പെയ്യേണ്ടതാണ്.

പകർപ്പ് : അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/സീനിയർസൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട്/ഹെഡ് അക്കൗണ്ടന്റ് എന്നിവർക്ക് നൽകുന്നു.

പകർപ്പ് : ഈ ഓഫീസിലെ എല്ലാ ജീവനക്കാരുടേയും അറിവിലേക്കായി നൽകുന്നു.

പകർപ്പ് : സറ്റോക്ക് ഫയലിലേക്ക്.

(ഒപ്പ്)

കൺസർവേറ്റർക്കു വേണ്ടി

അംഗീകാരത്തോടെ

സൂപ്രണ്ട്

ലി. 11/05 (30 കോപ്പി)

--------------------